## MESSAGE FROM THE SECRETARY

പ്രീയരേ,

2013 എന്ന മറ്റൊരു വർഷം കൂടി കൊഴിഞ്ഞു വീണ് ചരിത്രത്തിന്റെ താളുകളിൽ ഇടം തേടുന്നു. ചരിത്രത്തെ തിരുത്തിയെഴുതുവാൻ ആർക്കും സാധിക്കുകയില്ല. നാം ചെയ്തതും ചെയ്യാതിരുന്നതും നമുക്കാർക്കും മാറ്റിമറിക്കുവാൻ കഴിയുകയില്ല. Undo എന്ന option നമുക്ക് ജീവിതത്തിൽ ഇല്ല. എന്നാൽ Better do എന്ന option നമുക്കുമുന്നിൽ എപ്പോഴും ഉണ്ട്. ആയതുകൊണ്ടുതന്നെ നമുക്ക് ഈ പുതുവർഷത്തെ ഒരുക്കത്തോടും നിശ്ചയദാർഢ്യത്തോടും കൂടി വരവേൽക്കാം. നമുക്ക് നമ്മളിൽ ഉണ്ടായ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ പ്രതീക്ഷകളെ താലോലിക്കാം.

അപ്പോസ്തലനായ പൗലോസ് നമ്മോടുപറയുന്നു: 'ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു.'

നമ്മുടെ ആയുസ് എത്രതന്നെ ആയിക്കൊള്ളട്ടെ, നാം ഇന്നു തിരിഞ്ഞു നോക്കുമ്പോൾ, കർത്താവിന്റെ മുൻപിൽ നാം നമ്മെ തന്നെ സമർപ്പിച്ചാൽ, കർത്താവിനു പ്രസാദം ഉള്ളതാണോ നമ്മുടെ ജീവിതം എന്നു നമുക്ക് വിലയിരുത്തിനോക്കാം . . . . . .



എല്ലാവിധ കഴിവുകളോടെയും ദൈവം നമ്മെ സൃഷ്ടിച്ചു, എല്ലാത്തിനും നമ്മെ കാവൽക്കാരനും ആക്കി. നന്മതിന്മകളെ തിരിച്ചറിയുന്നതിന് മനസ്സാക്ഷിയേയും ദൈവം നമ്മളിൽ നട്ടു. എന്നാൽ മനസ്സാക്ഷിയുടെ കണ്ണുകെട്ടി, ലോകൈക നാട്യങ്ങളുടെ വസ്ത്രാലങ്കാരം മറയാക്കി ഈ ഭൂമിയിൽ നാം വിരാജിക്കുന്നുവെങ്കിൽ, നന്മതിന്മകളെ തിരിച്ചറിയുവാൻ ദൈവം തന്ന നമ്മുടെ ചിന്താശക്തികളെ നാം എത്രത്തോളം വിനയോഗിച്ചു എന്നത് വളരെ പ്രസക്തം ആണ്. നമ്മെ സൃഷ്ടിച്ച ദൈവത്തിനു മുൻപിൽ, ഈ ലോകനാട്യത്തിന്റെ ഉടയാടകൾ അഴിഞ്ഞുവീണ നാം നഗ്നരാകുമ്പോൾ, ഭയപ്പെട്ടു മറഞ്ഞു നിൽക്കാൻ അംബരചുംബികൾ വിളയുന്ന ഈ കോൺക്രീറ്റ് കാടുകൾ നമുക്ക് ഉപകാരപ്പെടുകയില്ല. നമ്മുടെ ഉള്ളിനെ നഗ്നമായി കാണുവാൻ കഴിവുള്ള ഒരു കർത്താവാണ് നമ്മുടെ മുൻപിലേക്ക് എത്തുന്നത്. നാം ചെയ്യുന്ന എന്തെങ്കിലും നമ്മെ കർത്താവിന്റെ മുൻപിലേക്ക് എത്തുവാൻ നാണിപ്പിക്കുന്നുവോ, അവിടെ നാം നമ്മുടെ ജീവിതത്തെ ക്രമീകരിക്കേണ്ടിയിരിക്കുന്നു.

കാലചക്രം മാറിമറിയുന്ന ഒരുവേളയിൽ നാം ഒരോരുത്തരും കർത്താവിന്റെ ഹിതപ്രകാരം ഈ ലോകത്തു നിന്നു മാറ്റപ്പെട്ടുകൊണ്ടിരിക്കും. നാം മാറ്റപ്പെടുമ്പോഴും നമ്മുടെ നന്മതിന്മയുടെ ചെറുതെങ്കിലും ആയ ചില അംശങ്ങൾ, പ്രതിഫലനങ്ങൾ, മാറ്റമില്ലാതെ ഈ ലോകത്ത് നിൽക്കുന്നുണ്ടാവാം. നാം ജീവിച്ചിരിക്കുമ്പോൾ മാത്രം ചെയ്യുവാൻ സാധിക്കുന്ന ഈ പ്രക്രീയയിൽ, കർത്താവിന് പ്രസാദകരമായ നന്മയുടെ നറുങ്ങുകൾ നിർലോഭം വിതറുവാൻ നമുക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഇവയൊന്നും പുതിയ തിരിച്ചറിവുകളോ, സന്ദേശമോ, ആഹ്വാനമോ അല്ല. നിങ്ങളിലും എളിയവനായ ഞാൻ എന്നെ തന്നെ ഓർമിപ്പിക്കുന്ന ചില നിശബ്ദ നിശ്വാസങ്ങൾ, എല്ലാവരുമായി പങ്കുവെക്കുവാൻ ശ്രമിച്ചുവെന്നു മാത്രം.

ഏവർക്കും അനുഗ്രഹപ്രദമായ പുതുവത്സര ആശംസകൾ . . . . .

സ്നേഹാദരവുകളോടെ,

ജോസ് ലൂക്കോസ് നെല്ലിവിള
സെക്രട്ടറി

***Contact Number:***
*055-4747 468, 050-553 8163,*
*e-mail: josenellivila@hotmail.com / josenellivila@yahoo.com*